പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 760 — 28-09-2011-ൽ മറുപടിയ്ക്ക്

# മണലിപ്പുഴയിലും കുറുമാലിപ്പുഴയിലും കരയിടിയൽ ഭീഷണി

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **(എ)** പുതുക്കാട് നിയോജകമണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന മണലിപ്പുഴയും പറപ്പൂക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കുറുമാലിപ്പുഴയും ഗതിമാറി ഒഴുകുവാൻ സാധ്യതയുള്ള വിധത്തിൽ യഥാക്രമം പുലക്കാട്ടുകരയിലും , പൊട്ടിപ്പാൾ, പള്ളത്തും ഗുരുതുമായി കരയിടിയുന്ന ഭീഷണി ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| **(ബി)** നിരവധി തവണ നിവേദനം നൽകിയിട്ടും ഈ രണ്ട് ഭാഗവും കെട്ടുന്നതിന് നടപടി ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി) &(സി)** കരയിടിയുന്ന രണ്ട് ഭാഗവും കെട്ടി സംരക്ഷിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുറുമാലിപ്പുഴയുടെ പള്ളത്തുള്ള 135 മീറ്റർ നീളത്തിൽ കരയിടിയുന്ന ഭാഗം കെട്ടി സംരക്ഷിക്കുന്നതിന് 8.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പണിയുടെ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പണി ഉടൻ തുടങ്ങുന്നതാണ്. |
| **(സി)** അടിയന്തിരമായി രണ്ട് പ്രദേശങ്ങളും കെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ